

# ജനദ്രോഹം ചെയ്യുന്ന കോള – പെപ്സി കമ്പനികൾ അടച്ചുപൂട്ടണം : വി. ചാമുണ്ണി

തയ്യാറാക്കിയത് : ചിറ്റൂർ ഷണ്മുഖദാസ്

**പാലക്കാട് ജില്ലാ സി.പി.ഐ. സെക്രട്ടറി പ്ലാച്ചിമട സമരത്തിൽ മുഖ്യധാര രാഷ്ട്രീയ കക്ഷികളിൽ തങ്ങൾ മുന്നിട്ടിറങ്ങാനുണ്ടായ കാരണങ്ങൾ വിശദീകരിക്കുന്നു.**



ഫോട്ടോ : മധുരാജ് (മാതൃഭൂമി)

***? കോളവിരുദ്ധ സമരത്തിൽ സി.പി.ഐ. യുടെ നിലപാട് എന്തായിരുന്നു ?***

കോള വിരുദ്ധസമരത്തിൽ തികഞ്ഞ ആത്മാർത്ഥതയോടെ പങ്കെടുത്തു. പാർട്ടിയുടെ യുവജനവിഭാഗം പൂർണ്ണ പിൻതുണ നൽകി. കോളവിരുദ്ധസമരങ്ങളിൽ ഇനിയും അടിയുറച്ചു നിൽക്കും. കഴിഞ്ഞ ലോകജലദിനത്തിൽ സി.പി.ഐ. കോക്കകോളയ്ക്കെതിരെ പ്ലാച്ചിമടയിലും പെപ്സിക്കെതിരെ കഞ്ചിക്കോടും കൂട്ടായ്മ സംഘടിപ്പിച്ചു. സമരം നടത്തുന്ന ആദിവാസികൾക്ക് അരിയും, മറ്റും നൽകി സഹായിച്ചു.

***? കൊക്കക്കോള കമ്പനി താങ്കളുടെ പാർട്ടി പ്രവർത്തകർക്ക് തൊഴിൽ നൽകാത്തതുകൊണ്ടാണ് സമരം നടത്തുന്ന ആദിവാസികൾക്കൊപ്പം നിൽക്കുന്നതെന്ന് പറയുന്നു.***

തൊഴിലില്ലായ്മ രൂക്ഷമായി നിലനിൽക്കുന്ന രാജ്യത്ത് കോള പോലുള്ള വൻകിട കമ്പനികൾ വരുന്നത് സഹായമാവുമെന്ന് സഖ്യകക്ഷികളൊക്കെ പറഞ്ഞിരുന്നുവെങ്കിലും, കമ്പനിയുടെ പ്രവർത്തനം സജീവമാവുന്നതോടെ പ്ലാച്ചിമട മേഖലയിൽ ജലക്ഷാമം അതിരൂക്ഷമാവുമെന്ന് ഞങ്ങൾ മുൻകൂട്ടി കണ്ടിരുന്നു. അതുകൊണ്ടുതന്നെയാണ് ആദിവാസികൾ നടത്തുന്ന കോളവിരുദ്ധ സമരത്തോടൊപ്പം നിൽക്കാൻ പാർട്ടി തീരുമാനിച്ചത്. കൊക്കക്കോള കമ്പനിയുമായി ഒരു തരത്തിലും ബന്ധപ്പെട്ടിട്ടില്ല.

***? ബഹുരാഷ്ട്രകമ്പനികളുടെ സ്ഥാപനങ്ങൾ വരുന്നതിനോട് പാർട്ടിയുടെ നിലപാട് എന്താണ്***

ബഹുരാഷ്ട്ര കമ്പനികളുടെ ഒരു സ്ഥാപനവും വരാൻ പാടില്ലെന്ന നിലപാട് പാർട്ടിക്കില്ല. പൊതുസമൂഹത്തിന് ദോഷം ചെയ്യുന്നവയാകരുത്. പ്രാദേശികജനതയെ ഉന്മൂലനം ചെയ്യുന്ന രീതിയിലുള്ള വ്യവസായങ്ങൾക്ക് പാർട്ടി അനുകൂലമായ നിലപാട് സ്വീകരിക്കില്ല. കോള-പെപ്സി കമ്പനികൾ നടത്തുന്നത് ജനദ്രോഹകരമാണെന്ന കാരണത്താൽ അതിനെ ഞങ്ങൾ എതിർക്കുന്നു.

***? ബഹുരാഷ്ട്ര കമ്പനികൾ സ്ഥാപിച്ചിട്ടുള്ള ശീതള പാനീയ കമ്പനികളുടെ ലൈസൻസ് പുതുക്കി കൊടുക്കുന്നതിൽ പെരുമാട്ടി, പുതുശ്ശേരി ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടിയെക്കുറിച്ചെന്താണ് പറയുന്നത്.***

വളരെ വൈകിയാണെങ്കിലും പെരുമാട്ടി ഗ്രാമപഞ്ചായത്ത് കോളകമ്പനിയുടെ ലൈസൻസ് ക്യാൻസൽ ചെയ്തു. എന്നാൽ, പെപ്സിയുടെ ലൈസൻസ് പൊതുജനനന്മയെ കരുതി പുതുശേരി പഞ്ചായത്ത് ക്യാൻസൽ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ വീഴ്ചകളെക്കാൾ, കേരള സർക്കാർ പാലിക്കുന്ന മൗനം വോട്ട് ചെയ്ത് ജയിപ്പിച്ച ജനങ്ങളോട് കാട്ടുന്ന അനീതി കൂടിയാണെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു.

കോളയെ സംരക്ഷിക്കാൻ വേണ്ടി മുൻ മന്ത്രി ശങ്കരൻ നിയമസഭയിൽ നടത്തിയ പ്രസ്താവനകൾ പരിഹാസ്യമാണ്. ചിറ്റൂരിലെയും, പാലക്കാട്ടെയും ജനങ്ങളല്ല കേരളത്തിലെ ജനങ്ങളെന്ന് മന്ത്രി ധിക്കാരപൂർവ്വം പറഞ്ഞു. ഇതിനെ ചോദ്യം ചെയ്യാൻ ചിറ്റൂരിലെയും, പാലക്കാട്ടെയും ജനപ്രതിനിധികൾ തയ്യാറായില്ല. പെപ്സിയൊക്കെ ഇപ്പോഴും പ്രവർത്തിക്കുന്നത് മന്ത്രിമാരുടെ ഒത്താശയോടെ തന്നെയാണ്.

***? പൂട്ടിയിട്ട കോളകമ്പനി വീണ്ടും തുറന്ന് പ്രവർത്തിക്കാനുള്ള നീക്കങ്ങൾ നടന്നുവരുന്നതായറിയുന്നു. ഇതിനെപ്പറ്റി ?***

സംസ്ഥാനത്ത് മൊത്തം ശീതളപാനീയ കമ്പനികൾ ഒരു ദിവസം 8 ലക്ഷം ക്യൂബിക് മീറ്റർ വെള്ളമാണ് ഊറ്റിയെടുക്കുന്നത്. എന്നാൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പെപ്സിയും, കോളയും 657000 ക്യൂബിക് മീറ്റർ ഊറ്റിയെടുക്കുന്നുവെന്നാണ് നിയമസഭയിൽ ബന്ധപ്പെട്ട മന്ത്രി പറഞ്ഞത്. പാലക്കാട് ജില്ലയിൽ നിന്നുമാത്രം ഇത്രയധികം വെള്ളം ഊറ്റിയെടുത്താൽ ഇവിടം മരുപ്രദേശമാവാൻ കൂടുതൽ കാലം വേണ്ടിവരില്ല. വൻ കൃഷിനാശം ഉണ്ടാവും.

***? ഇടതുപക്ഷ ഭരണകാലത്താണ് കോളയ്ക്ക് അനുമതി നൽകിയത്!***

ഇടതുപക്ഷ ഭരണകാലത്ത് അനുമതി നൽകിയതിൽ സി.പി.ഐ.ക്ക് ഒരു പങ്കുമില്ല. എന്നാൽ തുടർന്ന് വന്ന യു.ഡി.എഫ്. സർക്കാരിന് പൊതുജനദ്രോഹം ചെയ്യുന്ന കമ്പനികളെ ഇവിടുന്ന് ഒഴിവാക്കാമായിരുന്നുവല്ലോ.

***? കോളകമ്പനി ഇവിടുന്ന് പോവുമ്പോൾ ഇതിന്റെ പ്രവർത്തനം മൂലം ദുരിതം പേറുന്ന ജനസമൂഹത്തിനു വേണ്ടി സി.പി.ഐ. എന്തെങ്കിലും ചെയ്തുകൊടുക്കാൻ താൽപ്പര്യപ്പെടുന്നുണ്ടോ?***

ഇരകൾക്ക് പൂർണ്ണമായ നഷ്ടപരിഹാരം നൽകണം. അതിനുവേണ്ടി എല്ലാവരും ഒന്നിച്ചുനിന്ന് ആദിവാസികൾക്ക് നഷ്ടപരിഹാരം വാങ്ങിച്ചുകൊടുക്കണം. സി.പി.ഐ. അതിനുവേണ്ട സഹായങ്ങൾ കോളവിരുദ്ധ സമരക്കാർക്ക് നൽകും.